## ഗുണനിലവാരം ഉറപ്പുവരുത്തി ഉപഭോക്താവിന് സ്വർണ്ണം ലഭിക്കുന്നതിന് നടപടി

**76 (1640)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 916 ഗുണനിലവാരം പരസ്യപ്പെടുത്തി വിൽപ്പന നടത്തുന്ന സ്വർണ്ണം പലതും നിലവാരമില്ലാത്തതാണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഗുണനിലവാരം ഉറപ്പുവരുത്തി ഉപഭോക്താവിന് സ്വർണ്ണം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും സംവിധാനങ്ങൾ ഉണ്ടാകുമോ എന്ന് പറയാമോ ; ഗുണനിലവാരത്തിൽ സംശയം തോന്നിയാൽ ഒരു ഉപഭോക്താവ് എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) സ്വർണ്ണം തിരിച്ചുനൽകാൻ എത്തുമ്പോൾ സ്വർണ്ണക്കടക്കാർ ഒട്ടേറെ കാരണങ്ങൾ പറഞ്ഞ് വില കുറയ്ക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ; സ്വർണ്ണക്കടകൾ അവർ വിറ്റ സ്വർണ്ണത്തിനുതന്നെ വില കുറയ്ക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (ബി.ഐ.എസ്.) സ്വർണ്ണത്തിന്റെ ശുദ്ധത പരിശോധിക്കുന്നതിനുള്ള അസൈയിംഗ് & ഹാൾമാർക്കിംഗ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും ജുവലറികൾക്ക് ലൈസൻസ് നൽകുകയും ചെയ്തു വരുന്നു. ബി.ഐ.എസ്. അംഗീകൃത അസൈയിംഗ് & ഹാൾമാർക്കിംഗ് സെന്ററുകൾവഴി ആഭരണങ്ങളിൽ ഐ.എസ്സ്. 1417:1999 പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പാക്കിയശേഷം 916 ഉൾപ്പെടെയുള്ള ശുദ്ധതയുടെ (purity) മുദ്രകൾ (ഹാൾ മാർക്ക്സ്) നല്കി വരുന്നു. നിലവിൽ, നിർബന്ധമായും ഹാൾമാർക്ക് ചെയ്ത സ്വർണ്ണം മാത്രമേ വിൽക്കാവൂവെന്ന് നിയമ വ്യവസ്ഥയില്ല. ലൈസൻസ് നൽകിയിട്ടുള്ള ജുവല്ലറികളിൽ നിന്നും ബി.ഐ.എസ്. തന്നെ സ്വർണ്ണാഭരണങ്ങളുടെ സാമ്പിളുകൾ എടുത്ത് പരിശോധിക്കുന്ന മാർക്കറ്റ് നിരീക്ഷണവും നടത്തി വരുന്നു. ഹാൾ മാർക്ക് ചെയ്ത സ്വർണ്ണാഭരണങ്ങളുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സ്കീമും ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമേ സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ എറണാകുളത്ത് കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ ഒരു ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചു വരുന്നു. ഇവിടെ ഉപഭോക്താവിന് അവർ വാങ്ങിയ സ്വർണ്ണത്തിന്റെ ശുദ്ധത ഗ്രാം ഒന്നിന് 5 രൂപ നിരക്കിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള ബി.ഐ.എസ്. അംഗീകൃത അസൈയിംഗ്, ഹാൾ മാർക്കിംഗ് സെന്ററുകൾ എല്ലാം സഹകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ കാക്കനാട്ടുള്ള ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിനെ ഒരു ബി.ഐ.എസ്. അംഗീകൃത അസൈയിംഗ് & ഹാൾമാർക്കിംഗ് സെന്ററായി ഉയർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇപ്പോൾ കേരളത്തിൽ 27 ബി.ഐ.എസ്. അംഗീകൃത അസൈയിംഗ് & ഹാൾമാർക്കിംഗ് സെന്ററുകളുണ്ട്. ഗുണനിലവാരത്തിൽ സംശയം തോന്നിയാൽ അവിടെ ഉപഭോക്താക്കൾക്ക് താങ്കൾ വാങ്ങിയ സ്വർണ്ണാഭരണങ്ങൾ നാമമാത്രമായ പരിശോധനാ ഫീസ് ഒടുക്കി പരിശോധിക്കാവുന്നതാണ്. കൂടാതെ എറണാകുളത്ത് കാക്കനാട് ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കാവുന്നതാണ്. ഗുണനിലവാരമില്ലാത്ത സ്വർണ്ണമാണ് വാങ്ങിയതെന്ന് ഉപഭോക്താവിന് ബോദ്ധ്യപ്പെട്ടാൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി ഫയൽ ചെയ്ത് പരിഹാരം തേടാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സ്വർണ്ണക്കടക്കാർ അവർ തന്നെ വിറ്റ സ്വർണ്ണത്തിന് വില കുറയ്ക്കുന്ന പ്രവണത തടയുന്നതിന് സർക്കാർ തലത്തിൽ നടപടി പ്രായോഗികമല്ല. ഉപഭോക്താക്കളുടെ ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതിന് തടയിടാൻ സാധിക്കുകയുള്ളൂ. ബി.ഐ.എസ്. മുദ്രയുള്ള സ്വർണ്ണം വിശ്വസനീയമായ കച്ചവടസ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും, കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ ബിൽ ചോദിച്ചു വാങ്ങി സൂക്ഷിച്ച് വയ്ക്കുകയും ചെയ്താൽ ഒരു പരിധിവരെ മേൽപ്പറഞ്ഞ അനഭിലഷണീയമായ കച്ചവട പ്രവണത ഉപഭോക്താവിന് തന്നെ തടയിടാവുന്നതാണ്. ഇക്കാര്യത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം**

**77 (1641)** ശ്രീ. കെ. വി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണശാല മുഖേന വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം സർക്കാർ പരിശോധിക്കാറുണ്ടോ ; എങ്കിൽ ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) പൊതുവിതരണശാലകളിലെ നിത്യോപയോഗ സാധനങ്ങളുടെ സ്റ്റോക്ക് തീരുന്ന മുറയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly